കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്

## 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail : doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി/9/771/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.
ഇ-മെയിൽ : doksd.ksad@kerala.gov.in

ഫോൺ : 0499 4256690.

തീയതി-11.07.2017.

ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാസറഗോഡ്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എസ്.ഡി-9/771/2017 തിയതി :11.07.2017

# കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-12-2016 മുതൽ 22-06-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 07 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 06 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 23.06.2017 മുതൽ 03.07.2017 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | സത്യാനന്ദൻ.സി.വി | ഓഡിറ്റ് ഓഫീസർ |
| | തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജെന്ന കുര്യാക്കോസ് | സീനിയർഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | സുനിൽ കുമാർ.എം | സീനിയർഗ്രേഡ്ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മാധവൻ മണിയറ | 01.04.2016 മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.പ്രേമകുമാർ.കെ (അസി.സെക്രട്ടറി) | 01.04.2016 മുതൽ 30.06.2016വരെ |
| | ശ്രീ.പ്രഭാകരൻ.ടി.വി | 01.07.2016 മുതൽ 31.3.2017വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.പ്രേമകുമാർ.കെ | 01.04.2016മുതൽ05.11.2016വരെ |
| | ശ്രീ.നാരായണൻ.കെ | 06.11.2016 മുതൽ 30.12.2016 വരെ |
| | ശ്രീമതി.നിർമ്മല.പി.വി | 31.12.2016 മുതൽ 31.03.2017 വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി.അനസൂര്യ.എം | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ജലേശൻ.പി.വി | 01.04.2016മുതൽ 10.04.2016 വരെ |
| | ശ്രീമതി.ധന്യ | 11.04.2016മുതൽ 31.05.2016 വരെ |
| | ശ്രീ.ജലേശൻ.പി.വി | 01.06.2016മുതൽ 20.08.2016 വരെ |
| | ശ്രീമതി.ധന്യ | 21.08.2016മുതൽ 31.03.2017 വരെ |
| ഐ.സി,ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശാരി.എം | 01.04.2016മുതൽ 31.03.2017വരെ |
| വി.ഇ.ഒ. | ശ്രീ.ഷജിൻ.കെ.വി (ചെറുവത്തൂർ സർക്കിൾ) | 01.04.2016മുതൽ 31.03.2017 വരെ |
| | ശ്രീ.സുരേഷ് ബാബു .എം (കുട്ടമത്ത് സർക്കിൾ) | 01.04.2016മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രാജേന്ദ്രൻ.പി.വി | 01.04.2016മുതൽ 22.07.2016 വരെ |
| | ശ്രീമതി.ശോഭന.കെ.വി | 23.07.2016മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജ്ജൻ | ശ്രീമതി.ഡോ.ആശ | 01.04.2016മുതൽ 15.04.2016 വരെ |
| | ശ്രീ.ഡോ.കൃഷ്ണരാജ്.ആർ | 16.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, ആയ്യൂർവേദം | ശ്രീമതി.ഡോ.പൂർണ്ണിമ. | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ, അലോപ്പതി | ശ്രീ.ഡോ.സിയാദ്. | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീമതി.ഡോ.ജ്യോതി. | 01.14.2016മുതൽ 31.03.2017 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ.കെ.രാഘവൻ | 01.04.2016മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 – പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഗ്രാമ സഭ ജനപങ്കാളിത്തം കുറയുന്നു | 1-11 |
| | ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | ഡി.ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ | 2-1 |
| 13 | ടെലികോം കമ്പിനികളിൽ നിന്നും വിനിയോഗ ചാർജ് ഈടാക്കുന്നില്ല- വരുമാന നഷ്ടം | 2-2 |
| 14 | ബി.എസ്.എൻ.എൽ. സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 |
| 15 | അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത | 2-4 |
| 16 | ബിൽഡിംഗ് പെർമിറ്റ്-തുടർനടപടികൾ സ്വീകരിക്കുന്നില്ല | 2-5 |
| 17 | വിനോദ നികുതിയോടൊപ്പമുള്ള സെസ്സ് ഈടാക്കി ഒടുക്ക് വരുത്തുന്നതിൽ വീഴ്ച | 2-6 |

| | | |
|---|---|---|
| 18 | കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 2-7 |
| 19 | തനത് ഫണ്ട് സൂക്ഷിക്കുന്നതിലെ ന്യൂനതകൾ | 2-8 |
| | ഭാഗം 3-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 20 | തനത് ഫണ്ട് പദ്ധതികൾക്കായി വകയിരുത്തൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-1 |
| 21 | ഓണം ഫെസ്റ്റിവൽ അഡ്വാൻസ് -തിരികെ ഈടാക്കുവാനുള്ളത് 27,000രൂപ | 3-2 |
| 22 | തെരുവ് വിളക്ക് വാങ്ങൽ -സ്ഥാപിച്ചതിന്റെ രേഖകൾ പൂർണ്ണമല്ല- തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-3 |
| 23 | ആശ്രയ പദ്ധതി പ്രവർത്തനം മന്ദഗതിയിൽ - ചെലവഴിക്കുവാൻ അവശേഷിക്കുന്നത് 14.85ലക്ഷം രൂപ | 3-4 |
| 24 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 3-5 |
| 25 | അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം ചെയ്ത പദ്ധതികളിലെ അപാകതകൾ | 3-6 |
| 26 | ഹെഡ്മിസ്ട്രസ് നിർവഹണം ചെയ്ത പദ്ധതികളിലെ അപാകതകൾ | 3-7 |
| 27 | കൃഷി ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു | 3-8 |
| 28 | ആരോഗ്യമേഖല-വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുവാനവശേഷിക്കുന്നത് 2,08,048 രൂപയുടെ മരുന്നുകൾ | 3-9 |
| 29 | പാലിയേറ്റിവ് പദ്ധതി ഗവ-ഉത്തരവുകൾ പാലിക്കുന്നില്ല ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-10 |
| 30 | സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പദ്ധതി | 3-11 |
| 31 | വിവിധ ഭവനപദ്ധതികളിലെ വീട് പണിപൂർത്തീകരിക്കാൻ അവശേഷിക്കുന്നവർ | 3-12 |
| | ഭാഗം 4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനം | |
| 32 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29-02-2016 ലെ ഭരണസമിതി തീരുമാനം നമ്പർ 37/16 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 20,00,000 |
| വരവ് | 13,99,95,500 |
| ആകെ | 14,19,95,500 |
| ചെലവ് | 14,05,09,650 |
| നീക്കിയിരിപ്പ് | 14,85,850 |

വാർഷിക ബജറ്റ് തയ്യാറാക്കുമ്പോൾ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214, 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 71(1) എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 20-06-2017 |

## 1-3 വാർഷിക ധനകാര്യ പത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 27-06-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയിഉൾപ്പെടുത്തിയിട്ടുണ്ട്. |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു .

1)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4ലും, B-5ലും ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)കെ.എസ്.ഇ.ബി. യിൽ ഡെപ്പോസിറ്റ് വർക്കിന് നൽകിയ 25,60,720 രൂപ ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 1,03,16,215 |
| വരവ് | 6,24,90,172 |
| ആകെ | 7,28,06,387 |
| ചെലവ് | 6,13,85,682 |
| നീക്കിയിരിപ്പ് | 1,14,20,705 |

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടത് | ചെലവ് % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,10,58,664 | 1,10,58,664 | 1,10,05,266 | 53,398 | 99.51 |
| വികസനഫണ്ട് എസ്.സി.പി. | 0 | 24,47,217 | 24,47,217 | 24,47,217 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 43,701 | 43,701 | 0 | 43,701 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 62,42,628 | 62,42,628 | 54,31,827 | 8,10,801 | 87.01 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 32,90,346 | 32,90,346 | 23,95,039 | 8,95,307 | 72.78 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 62,01,317 | 62,01,317 | 53,70,580 | 8,30,737 | 86.60 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 32,62,359 | 32,62,359 | 30,50,718 | 2,11,641 | 93.51 |
| ബി. ഫണ്ട് (ഡി.ബി.റ്റി ഉൾപ്പടെ) | 0 | 3,94,07,865 | 3,94,07,865 | 3,94,07,865 | 0 | 100 |
| എം.ജി.എൻ.ആർ.ജി.എസ് (എഫ്.റ്റി.ഒ. ഉൾപ്പടെ) | 6,348 | 3,53,82,511 | 3,53,88,859 | 3,53,80,919 | 7,940 | 99.9 |

n

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 131 | 96 | 15 | 20 | 73% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | കൃഷി ഓഫീസർ | 3 | 23,69,050 | 3 | 19,67,410 | 83.04% |

| | | | | | | |
|---|---|---|---|---|---|---|
| 2 | വെറ്റിനറി സർജ്ജൻ | 4 | 17,16,764 | 4 | 14,78,696 | 86.13% |
| 3 | മെഡിക്കൽഓഫീസർ, അലോപ്പതി | 2 | 7,00,000 | 2 | 6,86,521 | 98.07% |
| 4 | മെഡിക്കൽഓഫീസർ, ഹോമിയോ | 1 | 1,50,000 | 1 | 1,50,000 | 100% |
| 5 | മെഡിക്കൽഓഫീസർ, ആയുർവ്വേദം | 2 | 4,00,870 | 2 | 4,00,870 | 100% |
| 6 | വി.ഇ.ഒ. | 8 | 32,19,600 | 6 | 25,83,452 | 80.24% |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 45,93,371 | 6 | 43,36,240 | 94.40% |
| 8 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 13 | 63,64,309 | 9 | 54,52,643 | 85.67% |
| 9 | ഹെഡ്മാസ്റ്റർ | 4 | 9,42,000 | 4 | 6,39,408 | 67.87% |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | 75 | 3,12,06,081 | 63 | 2,16,23,398 | 69.29% |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 15,09,217 | 10 | 12,24,183 | 81.11% |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 2,00,000 | 1 | 1,76,640 | 88.32% |
| | അകെ | 131 | 5,33,71,262 | 111 | 4,07,19,461 | 76.29% |

n

## 1-7 തനത് വരുമാനം

തൻവർഷം ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 40.13% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വസ്തു നികുതി പിരിവിൽ ഗണ്യമായ നേട്ടം കൈവരിക്കാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 47,41,692 | 81,98,518 | (+)34,56,826 | (+)73 |
| നികുതിയേതര വരവുകൾ | 40,31,245 | 39,77,698 | (-)53,547 | (-)1.32 |
| മറ്റുള്ളവ | 1,16,208 | 2,80,644 | (+)1,64,436 | (+) 141.5 |
| ആകെ | 88,89,145 | 1,24,56,860 | (+)35,67,715 | (+)40.13 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5,84,760 | 309 |
| കർഷക തൊഴിലാളി പെൻഷൻ | 51,02,270 | 505 |
| വിധവാ പെൻഷൻ | 1,35,42,740 | 1319 |
| വാർദ്ധക്യകാല പെൻഷൻ | 1,57,77,435 | 1792 |
| വികലാംഗ പെൻഷൻ | 29,01,810 | 318 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 6,48,850 | 69 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 7,80,000 | 26 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-06-2017 ന് (2.00 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,355രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07- 12-2016 | 01/10/2016 & 31/11/2016 | 07-12-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/04/2006 മുതൽ 20/04/2006 വരെ | 1997-98 മുതൽ 2005-06 വരെ | 02/06/2006 |

## 1-11 ഗ്രാമ സഭകൾ- ജനപങ്കാളിത്തം കുറയുന്നു.

പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം, ഒരു വർഷത്തിൽ നിർബന്ധമായും നാല് ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതുണ്ട്. ഓഡിറ്റ് കാലയളവിലെ മിനട്സ് പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ 2/16, 6/16, 10/16, 4/17 എന്നീമാസങ്ങളിൽ ഗ്രാമസഭ യോഗം ചേർന്നിട്ടുണ്ട്. അവസാന രണ്ട് ഗ്രാമ സഭകൾ തമ്മിൽ ആറുമാസത്തോളം ഇടവേളയുണ്ടായിട്ടുണ്ട്. ഗ്രാമസഭകളിൽ പൊതുവേ ജനപ്രാതിനിധ്യം കുറവാണ്. ക്വാറം തികയാനുള്ള അംഗങ്ങൾ മാത്രമാണ് പലയോഗങ്ങളിലും ഹാജരായിട്ടുള്ളത്. വനിതകളുടെ 50% പ്രാതിനിധ്യം പൂർണമായും ഉറപ്പ് വരുത്തിയിട്ടില്ല. ഗ്രാമസഭകളിൽ വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കുന്നതായും

സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ അർഹത പരിശോധിച്ച് തീർപ്പ് കല്പിക്കുന്നതായും കാണുകയുണ്ടായി. ചില വാർഡുകളിലെ മിനിട്സ് ബുക്കുകൾ ബന്ധപ്പെട്ട കൺവീനർമാർ ക്ലോസ്സ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല . ഗ്രാമ സഭകൾ കൂടുതൽ സജീവമാക്കുവാനും ആസൂത്രണ പ്രക്രിയയിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുവാനും ഭരണ സമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി. ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | ആകെ |
|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ളസമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | |
| 74 | 41 | 442 | - | 557 |

ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 92%വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകി പുതുക്കിയവരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയിട്ടുമില്ല. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ

നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു.

<u>അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും</u>

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

<u>സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.</u>

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട് (66562/RC3/12/ത.സ്വ.ഭ.വ. തിയ്യതി 10.01.2013).

<u>അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.</u>

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോാധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പ് വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1,000 രൂപ വരെ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.</u>

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും

255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. *ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.*

## 2-2 ടെലികോം കമ്പിനികളിൽ നിന്നും വിനിയോഗ ചാർജ് ഈടാക്കുന്നില്ല- വരുമാന നഷ്ടം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ വശങ്ങളിൽ ടെലികോം ഓപ്പറേറ്റർമാർ കേബിളുകൾ ഇടുന്നതിന് (ഭൂമിക്കടിയിലൂടെ/മുകളിലൂടെ) വാടക അഥവാ യൂസർ ഫീസ് ചുമത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. 2005-ലെപഞ്ചായത്ത് രാജ് (വസ്തുആർജ്ജിക്കലും കയ്യൊഴിക്കലും)ചട്ടങ്ങളിലെ ചട്ടം 8, ചട്ടം 9(3) സെക്ഷൻ എന്നിവ പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന റോഡുകളുടെ പാർശ്വങ്ങളും, നിരത്ത്,തെരുവ് എന്നിവയുടെ മുകളിലൂടെയുള്ള സ്ഥലങ്ങളും പ്രത്യേക വാടക/യൂസർ ഫീസ് ഈടാക്കി പാട്ടത്തിന് നൽകുന്നതിന് അധികാരമുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് ഭരണസമിതി കേബിളുകൾ ഇടുന്നതിനുള്ള നിരക്കുകൾ നിജപ്പെടുത്തുകയും ലൈസൻസിയുമായി കരാറിൽ ഏർപ്പെടുകയും വേണം. പഞ്ചായത്ത് പ്രദേശത്ത് നിരവധി ടെലികോം കമ്പിനികളുടെ സേവനം ലഭ്യമാണെങ്കിലും വാടക/യൂസർ ഫീസ് ഈടാക്കിയതായി കാണുന്നില്ല. കേബിളുകൾ ഇടുന്നതിന് വാടക നിജപ്പെടുത്തുകയോ ടെലികോം ഓപ്പറേറ്റർമാരിൽ നിന്നും വാടക/യൂസർ ഫീസ് ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-6/തീയതി 30-06-17) നാളിതുവരെ തുക ഈടാക്കിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. യൂസർ ഫീസ് ഈടാക്കുന്നതിലൂടെ പഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപ വരുമാനം ലഭിക്കുമായിരുന്നുവെങ്കിലും ഇത് ഈടാക്കുവാൻ യാതൊരു ശ്രമവും പഞ്ചായത്ത് നടത്തിയില്ല എന്നത് അനാസ്ഥയാണ്. ഈ വിഷയം തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 ബി.എസ്.എൻ.എൽ സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം 5/30.06.2017).

## 2-4 അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത

പഞ്ചായത്ത് പരിധിക്കുള്ളിലുള്ള അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് ആധികാരികമായി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് ഗാർഹിക കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന രജിസ്റ്റർ മാത്രമാണ് നിലവിലുള്ളത്. ഒരു വാണിജ്യകെട്ടിടം പോലും ഈ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. 75 ഗാർഹിക കെട്ടിടങ്ങളാണ് രജിസ്റ്ററിൽ നിലവിലുള്ളത്. രജിസ്റ്ററിലെ ഒരു രേഖപ്പെടുത്തൽ പോലും മേലധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച തുടർനടപടികൾ, വിശദാംശങ്ങൾ, ഏത് നിയമമാണ് ലംഘിച്ചിരിക്കുന്നത് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ പരിശോധനകളിൽ, അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് 19.05.2014-ലെ 29342/ആർ.എ.1 /2014/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

അനധികൃത നിർമ്മാണം സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കാതിരിക്കുന്നതിനാലും, യഥാസമയം നടപടി സ്വീകരിക്കുകയോ, ക്രമവൽക്കരിക്കുകയോ ചെയ്യാത്തതിനാലും, അവ കാലക്രമത്തിൽ നിയമാനുസൃത നിർമ്മാണങ്ങളാകുന്നതിന് വഴി ഒരുക്കുന്നു. സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് അനധികൃത നിർമ്മാണങ്ങൾക്ക് എതിരെ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-5 ബിൽഡിംഗ് പെർമിറ്റ്-തുടർനടപടികൾ സ്വീകരിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം, ഒരു ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി അത് നൽകുന്ന തീയതി മുതൽ മൂന്ന് വർഷക്കാലമാണ്. കാലാവധി അവസാനിക്കുന്നതിന് മുമ്പ് പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ, മൂന്ന് വർഷത്തേക്ക് വീതം രണ്ട് തവണ സെക്രട്ടറിക്ക് പെർമിറ്റ് പുതുക്കി നൽകാവുന്നതാണ്. പെർമിറ്റ് കാലയളവിനുള്ളിൽ തന്നെ നിർമ്മാണം പൂർത്തിയാക്കുന്ന കേസിൽ, കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കുന്ന മുറയ്ക്ക് നിർമ്മാണം പരിശോധിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കേറ്റ് നൽകുകയും, തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയും ചെയ്യും.

ബിൽഡിംഗ് പെർമിറ്റ് വിതരണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ, പെർമിറ്റ് വിതരണം ചെയ്തതിന് ശേഷമുള്ള തുടർനടപടികൾ വീക്ഷിക്കുന്നതിന് പഞ്ചായത്തിന് സംവിധാനം ഇല്ലായെന്ന് വ്യക്തമാകുന്നു. ഒരു നിർമ്മാണത്തിന് പെർമിറ്റ് നൽകിക്കഴിഞ്ഞാൽ പിന്നീട് കെട്ടിടത്തിന്റെ ഉടമസ്ഥൻ കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കുമ്പോൾ മാത്രമാണ് ഈ ഫയലിൽ വീണ്ടും

നടപടി സ്വീകരിക്കുന്നത്. പെർമിറ്റുകളുടെ കാലാവധി കഴിഞ്ഞിട്ടും കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കാത്ത നിർമ്മാണങ്ങൾ കണ്ടെത്തി, നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി കാലാവധി ദീർഘിപ്പിച്ച് പെർമിറ്റ് പുതുക്കി നൽകുന്നതിനോ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതിനോ നടപടി സ്വീകരിക്കുന്നില്ല. കെട്ടിടം പണി പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് അന്നുമുതൽ കെട്ടിടത്തിന് വസ്തുനികുതി ഈടാക്കേണ്ടതാണ്. പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാതിരിക്കുന്നത് മൂലം പഞ്ചായത്തിന് രണ്ട് വിധത്തിൽ വരവ് നഷ്ടമുണ്ടാകുന്നു. നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ പെർമിറ്റ് പുതുക്കി നൽകുന്നതിന് ഫീസായി ഈടാക്കേണ്ട തുകയും, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ യഥാസമയം വസ്തുനികുതിയിനത്തിൽ ഈടാക്കേണ്ട തുകയും. പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മോണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല .

പെർമിറ്റ് കാലാവധി കഴിഞ്ഞ സൈറ്റുകൾ പരിശോധിച്ച്, നിർമ്മാണം പൂർത്തീകരിച്ചതാണോ എന്ന വിവരം ഉറപ്പാക്കേണ്ടതും സമയബന്ധിതമായി കംപ്ലീഷൻ പ്ലാൻ ഫയൽ ചെയ്ത് വസ്തു നികുതി അടവാക്കാൻ സന്നദ്ധരാകാത്ത കെട്ടിട ഉടമകൾക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-6 വിനോദ നികുതിയോടൊപ്പമുള്ള സെസ്സ് ഈടാക്കി ഒടുക്ക് വരുത്തുന്നതിൽ വീഴ്ച

കേരളാ ലോക്കൽ അതോരിറ്റീസ് എന്റർടൈൻമെന്റ് ടാക്സ് അമൻഡ്മെന്റ് ആക്ട് 2013 പ്രകാരം പുതിയതായി ഉൾപ്പെടുത്തിയ സെക്ഷൻ 3 C യ്ക്ക് അനുസൃതമായി, 25 രൂപയ്ക്ക് മുകളിലുള്ള എല്ലാ സിനിമാ ടിക്കറ്റുകളിലും 3 രൂപ വീതം സെസ്സ് ഈടാക്കേണ്ടതും ഇപ്രകാരം ഈടാക്കിയ സെസ്സ് തുക കൾച്ചറൽ ആക്ടിവിസ്റ്റ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്കേണ്ടേതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന സിനിമാ പ്രദർശന ശാലകളിൽ നിന്നും ഇപ്രകാരം സെസ്സ് ഈടാക്കി ഒടുക്കു വരുത്തുന്നതിൽ ഓഡിറ്റ് കാലയളവിൽ വലിയ വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സിനിമാ ശാലകളുടെ ടിക്കറ്റ് സീൽ രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷം വിറ്റ 25 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റുകളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| മാസം | ആകെ ടിക്കറ്റുകളുടെ എണ്ണം | ഓരോ മാസവും ഒടുക്കേണ്ട സെസ്സ്തുക | 2016-17-ൽ ഒടുക്കിയതുക | 2016-17-ൽ സെസ്സ് ഇനത്തിൽ |
|---|---|---|---|---|

| | | | | ഒടുക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 04/16 | 8,000 | 24,000 | 42,000 | 2,85,000 |
| 05/16 | 3,000 | 9,000 | | |
| 06/16 | 3,000 | 9,000 | | |
| 07/16 | 5,000 | 15,000 | | |
| 08/16 | 5,000 | 15,000 | | |
| 09/16 | 16,000 | 48,000 | | |
| 10/16 | 27,000 | 81,000 | | |
| 11/16 | 10,000 | 30,000 | | |
| 12/16 | --- | --- | | |
| 01/17 | 12,000 | 36,000 | | |
| 02/17 | 10,000 | 30,000 | | |
| 03/17 | 10,000 | 30,000 | | |
| ആകെ | 1,09,000 | 3,27,000 | 42,000* | 2,85,000 |

*(ചെക്ക് നം.134865 തീയതി.05.07.2016 പ്രകാരം ക്ഷേമനിധിയുടെ 67209773080 SBT അക്കൗണ്ടിൽ സെസ്സ് ഇനത്തിൽ ഒടുക്കിയ ആകെ തുക)

2016-17 സാമ്പത്തിക വർഷം 1,09,000 ടിക്കറ്റുകളാണ് പാക്കനാർ തീയറ്ററിൽ വിറ്റിട്ടുള്ളത്. ഇതിൽ 14,000 ടിക്കറ്റുകളുടെ സെസ്സ് തുകമാത്രമാണ് ഒടുക്കിയിട്ടുള്ളത്. സെസ്സ് ഇനത്തിൽ ആകെ അടയ്ക്കേണ്ട 3,27,000 രൂപയിൽ അടവാക്കിയ 42,000 രൂപ കിഴിച്ച് ബാക്കിനിൽക്കുന്ന 2,85,000 രൂപ അടിയന്തിരമായി വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 2-7 കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ്

<u>നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.</u>

2015-16, 2016-17 വർഷങ്ങളിൽ ഇ. ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ, ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ തുകകൾ തദ്ദേശ സ്വയം ഭരണ വകുപ്പ് കാസറഗോഡ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കെട്ടിക്കിടക്കുകയാണ്. തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീസ് (വാറ്റ് ഉൾപ്പടെ) | കരാറുകാരുടെ എണ്ണം | ആകെ തുക |
|---|---|---|---|---|
| | 2015-16 | | | |
| 1 | അമ്പലത്തേര പാലത്തേര റോഡ് റീ-ടാറിങ്ങ് | 1470 | 2 | 2,940 |
| 2 | പൊള്ള വഞ്ഞങ്ങമാട് റോഡ് റീടാറിങ്ങ് | 1950 | 2 | 3,900 |
| 3 | തീപ്പെട്ടിക്കമ്പനി-ടി.സി റോഡ് ടാറിങ്ങ് | 1450 | 2 | 2,900 |
| 4 | വഞ്ഞങ്ങമാട് റോഡ് പാലം സോളിങ്ങ് & ഡ്രെയിനേജ് നിർമ്മാണം | 1450 | 4 | 5,800 |
| 5 | ചെറുവത്തൂർ ബസ്സ്റ്റാന്റിനു സമീപം ഡ്രെയിനേജ് | 2650 | 3 | 7,950 |
| 6 | ചെറുവത്തൂർ കൃഷിഭവൻ മെയിന്റനൻസ് | 1950 | 1 | 1,950 |
| 7 | പഞ്ചായത്ത് ഓഫീസ് നവീകരണം (ഒന്നാം നില &രണ്ടാം നില) | 2150 | 1 | 2,150 |
| 8 | ജാഗ്രതാ കമ്മിറ്റി ഓഫീസ് നവീകരണം (കുടുംബശ്രീ വിപണന കേന്ദ്രം) | 1650 | 1 | 1,650 |
| 9 | കൈതക്കാട് പള്ളിമുക്ക് തക്വ നഗർ റോഡ് ടാറിങ്ങ് | 1450 | 10 | 14,500 |
| 10 | പുതുവൈക്ക് -ബപ്പിലമാട് റോഡ് ടാറിങ്ങ് | 1600 | 10 | 16,000 |

| | | | | |
|---|---|---|---|---|
| 11 | മുണ്ടക്കണ്ടം കെ.എം.കെ .റോഡ് ടാറിങ്ങ് | 1800 | 7 | 12,600 |
| 12 | കൈതക്കാട് കമ്മ്യൂണിറ്റി ഹാൾ ഒന്നാം നില നിർമ്മാണം | 1575 | 3 | 4,725 |
| 13 | ചെറുവത്തൂർ ബസ്സ്റ്റാന്റ് യാർഡ് നവീകരണം | 5300 | 1 | 5,300 |
| 14 | ചെറുവത്തൂർ ബസ്സ്റ്റാന്റ് യാർഡ് നവീകരണം | 5300 | 2 | 10,600 |
| | ആകെ | | | 92,965 |
| | 2016-17 | | | |
| 1 | ചെറുവത്തൂർ ബസ്സ്റ്റാന്റ് യാർഡ് നവീകരണം | 5300 | 2 | 10,600 |
| 2 | ചെറുവത്തൂർ പടന്ന -റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ് ടാറിങ്ങ് | 1250 | 4 | 5,000 |
| 3 | പകൽ വിശ്രമ കേന്ദ്രം നിർമ്മാണം | 2631 | 3 | 7,893 |
| 4 | കണ്ണങ്കൈ മുത്തപ്പൻ ക്ഷേത്രം മുതൽ പുഴ വരെ ഡ്രെയിനേജ് നിർമ്മാണം | 1950 | 3 | 5,850 |
| 5 | വിവിധ അങ്കണവാടികളുടെ നവീകരണം | 1260 | 1 | 1,260 |
| 6 | കണ്ണങ്കുളം -എൻ എച്ച് ഫുട്പാത്ത് നിർമ്മാണം | 530 | 3 | 1,590 |
| 7 | കാടംകോട് ശ്മശാനം മേൽക്കൂര നിർമ്മാണം | 630 | 4 | 2,520 |
| 8 | വടക്കേവളപ്പ് കോളനി ഡ്രെയിനേജ് | 630 | 2 | 1,260 |
| 9 | കുടുംബശ്രീ വിപണന കേന്ദ്രം നവീകരണം (കാന്റീൻ നിർമ്മാണം) | 525 | 1 | 525 |
| 10 | എൻ.എച്ച് രാമഞ്ചിറ പൂഴിക്കടവ് റോഡ് ടാറിങ്ങ് | 525 | 1 | 525 |

| | | | | |
|---|---|---|---|---|
| 11 | ജി.എൽ.പി.എസ് മയ്യിച്ച മെയിന്റനൻസ് | 1155 | 1 | 1,155 |
| 12 | തെക്കേ വളപ്പ് കോളനി പാണ്ടിത്തോട് ഡ്രെയിനേജ് | 2650 | 1 | 2,650 |
| 13 | വിവിധ അങ്കണവാടി മെയിന്റനൻസ് | 1050 | 2 | 2,100 |
| 14 | ചെറുവത്തൂർ കമ്മ്യൂണിറ്റി ടോയ് ലറ്റ് | 1900 | 3 | 5,700 |
| 15 | ചെറുവത്തൂർ റെയിൽവേ സ്റ്റേഷൻ റോഡ് പുനരുദ്ധാരണം &ഡ്രെയിനേജ് | 2650 | 4 | 10,600 |
| | ആകെ | | | 59,228 |

മേൽ തുകകൾ പഞ്ചായത്തിന് ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 2-8 തനത് ഫണ്ട് സൂക്ഷിക്കുന്നതിലെ ന്യൂനതകൾ

തനത് ഫണ്ടിനായി പഞ്ചായത്തിൽ നാല് അക്കൗണ്ടുകൾ നിലവിലുണ്ട്. 26.05.2011ലെ 58725/എഫ്.എം.3 2008/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം തനത് ഫണ്ടിനായി ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒരു അക്കൗണ്ട് തുടങ്ങാവുന്നതാണ്. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്താവുന്നതല്ല. ഇവയുടെ വിശദാംശം താഴെച്ചേർക്കുന്നു.

| ക്രമനം | ബാങ്ക് | അക്കൗണ്ട് നം. |
|---|---|---|
| 1 | യൂണിയൻ ബാങ്ക് | 672202010004225 |
| 2 | കേരള ഗ്രാമീൺ ബാങ്ക് | 40436101000317 |
| 3 | എസ്.ബി.ടി. | 67184026102 |
| 4 | ചെറുവത്തൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് | 001003007725 |

സർക്കുലറിന് വിരുദ്ധമായി വിവിധ ബാങ്കുകളിൽ തനത്ഫണ്ട് സൂക്ഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത് ഫണ്ട് പദ്ധതികൾക്കായി വകയിരുത്തൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

11.01.2016ലെ (എം.എസ്)4/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 7-(iii),(iv),(v) എന്നിവ പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17) 2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതികളിൽ തനത് ഫണ്ട് സ്രോതസ്സ് ഉൾപ്പെടുത്തേണ്ടത് എങ്ങിനെയെന്ന് വിശദീകരിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തനത്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതായ വികസനേതര ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, അനിവാര്യ-പൊതു ചുമതലകൾ തുടങ്ങിയവ നിറവേറ്റുന്നതിനായി തുക മാറ്റി വച്ചതിനു ശേഷം, മിച്ചമുള്ള തുക തനത് ഫണ്ട് സ്രോതസ്സായി പദ്ധതികൾക്കായി ഉൾപ്പെടുത്തണം. എന്നാൽ ഓഡിറ്റ് വർഷത്തിൽ പദ്ധതികൾക്കായി തനതു ഫണ്ടിൽ നിന്നും (മുന്നിരിപ്പ് ഉൾപ്പടെ) തുക വകയിരുത്തിയിട്ടുള്ളത് മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല. 2014-15 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ തനത് ഫണ്ടിന്റേയും, 2016-17 വർഷത്തിൽ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി തനത് ഫണ്ട് വകയിരുത്തി ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത് ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകൾ, ഐ.കെ.എം.പദ്ധതി ചെലവ് പത്രികകൾ, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരമാണ്)

തനത് ഫണ്ട് വരവ് 2014-15

| | |
|---|---|
| മുൻബാക്കി | 45,46,415 |
| നികുതി വരവുകൾ | 55,76,933 |
| നികുതിയേതര വരവുകൾ | 40,10,440 |
| പലിശ | 1,26,411 |
| ജനറൽ പർപ്പസ് ഫണ്ട് (മുന്നിരിപ്പ്) | 41,18,010 |
| ജനറൽ പർപ്പസ് ഫണ്ട് (തൻവർഷ വരവ്) | 70,56,599 |
| ആകെ വരവ് | 2,54,34,808 |

മുൻബാക്കിയിനത്തിൽ രേഖപ്പെടുത്തിയതിൽ പഞ്ചായത്തിന് ലഭിച്ച വിവിധയിനങ്ങളിലെ ഡപ്പോസിറ്റ് തുക, വിവിധ പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച തുക ഉൾപ്പെടുന്നവയാണ്. തനത് ഫണ്ടിനത്തിൽ എത്ര രൂപ പഞ്ചായത്തിന് നീക്കിയിരിപ്പുണ്ടെന്ന് രേഖകളിൽ നിന്നും ലഭ്യമല്ല.

| എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | ഭരണപരമായ ചെലവുകൾ | ഓപ്പറേഷൻ & മെയിന്റനനസ് | മറ്റ് ചെലവുകൾ | ആകെ |
|---|---|---|---|---|
| 17,62,161 | 10,93,620 | 21,42,968 | 52,30,230 | 1,02,28,979 |

പദ്ധതികൾക്കായി തനത് ഫണ്ട് വകയിരുത്തിയതിന്റേയും ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| 2016-17 വർഷം വകയിരുത്തിയ തുക | 2016-17 വർഷം ചെലവഴിച്ച തുക |
|---|---|
| 1,53,96,233 | 79,46,680 |

2014-15 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് തനത് ഫണ്ടിനത്തിൽ ലഭ്യമായ തുകയിൽ വികസനേതര എസ്റ്റാബ്ലിഷ്മെന്റ് കണ്ടിജന്റ് ചെലവുകൾ, അനിവാര്യ-പൊതു ചുമതലകൾ തുടങ്ങിയവ നിറവേറ്റുന്നതിനായി ചെലവഴിച്ചതിനു ശേഷം മിച്ചമുള്ള തുക 1,52,05,829/- (2,54,34,808-1,02,28,979) രൂപയാണ്. എന്നാൽ പദ്ധതികൾക്കായി തനതു ഫണ്ടിൽ നിന്നും വകയിരുത്തിയത് 1,53,96,233/- രൂപയാണ്. മാർഗ്ഗ രേഖയിലെ ഖണ്ഡിക 7(V)പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ച തനത് ഫണ്ട് തുകയുടെ 15% ത്തിൽ അധികരിച്ച തുക (2014-15 വർഷത്തെ ആസ്പദമാക്കി) അടുത്ത സാമ്പത്തിക വർഷ പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കണം. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെയും, പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത പരിശോധിക്കാതെയും തനത് ഫണ്ട് പദ്ധതികൾക്കായി വകയിരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 ഓണം ഫെസ്റ്റിവൽ അഡ്വാൻസ് -തിരികെ ഈടാക്കുവാനുള്ളത് 27,000രൂപ

2016-17 വർഷം ഓണം ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റിയശേഷം ഗ്രാമ പഞ്ചായത്തിൽ നിന്നും സ്ഥലം മാറി പോയ ചുവടെ ചേർത്ത ജീവനക്കാർ അഡ്വാൻസ് തുക തിരികെ ഒടുക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത തുക എത്രയും വേഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. തിരികെ ഈടാക്കുവാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേരും ഉദ്യോഗപ്പേരും | ഈടാക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | ശ്രീ.ദിനേശൻ.കെ (ക്ലാർക്ക്) | 15,000 |
| 2 | ശ്രീ.പ്രേമകുമാർ .കെ (അസി.സെക്രട്ടറി) | 3,000 |
| 3 | ശ്രീ.മധുസൂദനൻ.(ജെ.എസ്) | 6,000 |
| 4 | ശ്രീ.സജീവൻ.കെ.കെ(അക്കൗണ്ടന്റ്) | 3,000 |
| | ആകെ | 27,000 |

## 3-3 തെരുവ് വിളക്ക് വാങ്ങൽ -സ്ഥാപിച്ചതിന്റെ രേഖകൾ പൂർണ്ണമല്ല- തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

(നിർവ്വഹണം -സെക്രട്ടറി )

(ch.No.2011524/10-01-2017 ₹2,84,666 & ch.No.125146/31-03-2017 ₹1,79,000)

ഓഡിറ്റ് വർഷം നടപ്പാക്കിയ പ്രൊ.നം 56/16-17 പ്രകാരം, തനതു ഫണ്ടിൽ 4,63,666 രൂപ ചെലവഴിച്ച് 250 എണ്ണം 18w LED തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും ഗ്രാമ പഞ്ചായത്തിൽ വാങ്ങിയിട്ടുണ്ട്. ഇതിൽ 200എണ്ണം സ്ഥാപിച്ചത് സംബന്ധിച്ച് ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അവശേഷിച്ച 50 തെരുവ് വിളക്കുകൾ ഇതുവരെയും സ്ഥാപിച്ചിട്ടില്ല . ഇവ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് അധികൃതർ അറിയിക്കുകയുണ്ടായി . അവശേഷിക്കുന്ന തെരുവ് വിളക്കുകൾ എത്രയും വേഗം സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്ക് വൈദ്യുത ചാർജ്ജിനത്തിൽ ഓഡിറ്റ് വർഷം പ്രതിമാസം 27,819രൂപ വീതം കെ.എസ്.ഇ.ബി.യിൽ ഗ്രാമ പഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്. കെ.എസ്.ഇ.ബി. അധികൃതർ നൽകിയ കണക്ക് പ്രകാരം നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം (3/2017) ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | മെറ്റൽഫിലമെന്റ് | 207 |
| 2 | ഫ്ലൂറസെന്റ് ലാമ്പ് | 16 |
| 3 | സോഡിയം വേപ്പർ ലാമ്പ് | 27 |
| 4 | സി.എഫ്.എൽ | 129 |

ഓഡിറ്റ് വർഷം എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിച്ചവേളയിൽ നിലവിലുണ്ടായിരുന്ന പഴയ ചില ലാമ്പുകൾ മാറ്റുകയുണ്ടായെന്ന് അധികൃതർ അറിയിക്കുകയുണ്ടായി . എന്നാൽ ഇതനുസരിച്ച് വൈദ്യുതബില്ലിൽ ക്രമീകരണങ്ങൾ വരുത്തിക്കാണുന്നില്ല. നിലവിലും പഴയകണക്കിൽ തന്നെയാണ് വൈദ്യുതി ബിൽ ഒടുക്കി വരുന്നത്. ഇക്കാര്യം പരിശോധിച്ച് ഗ്രാമ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനായി കെ.എസ്.ഇ.ബി. അധികൃതരുമായി സംയുക്ത പരിശോധന നടത്തി വിശദാംശങ്ങൾ (ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, വൈദ്യുത നിരക്ക് ) തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കാലകാലങ്ങളിൽ പരിഷ്കരിച്ച് സൂക്ഷിക്കേണ്ടതുമാണ്. ഭാവിയിൽ തെരുവ് വിളക്ക് സ്ഥാപിക്കലുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനു മുമ്പായി കൃത്യമായ കണക്കെടുപ്പ് നടത്തി ആവശ്യകത നിർണ്ണയിക്കേണ്ടതും, ആയതിന് തെരുവ് വിളക്ക് രജിസ്റ്ററിലെ വിവരങ്ങൾ പ്രയോജനപ്പെടുത്തേണ്ടതുമാണ്. മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കിയ സംയുക്ത പരിശോധന റിപ്പോർട്ട്, തെരുവ് വിളക്ക് രജിസ്റ്റർ എന്നിവയും , അവശേഷിച്ച തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ പദ്ധതിയ്ക്കായി തൻവർഷം നടത്തിയ 4,63,666 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-4 ആശ്രയ പദ്ധതി പ്രവർത്തനം മന്ദഗതിയിൽ - ചെലവഴിക്കുവാൻ

## അവശേഷിക്കുന്നത് **14.85**ലക്ഷം രൂപ

ഗ്രാമ പഞ്ചായത്തിലെ അഗതികളും നിരാലംബരുമായ വ്യക്തികൾ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് വേണ്ടി ആശ്രയ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെങ്കിലും സമഗ്രമായ പുനരധിവാസമെന്ന ലക്ഷ്യം കൈവരിക്കുവാനോ സർക്കാരിൽ നിന്നും ലഭ്യമാകുന്ന സഹായം വേണ്ടരീതിയിൽ വിനിയോഗിക്കുവാനോ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ അഗതി ആശ്രയ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ 01-04-2016ൽ 10.84 ലക്ഷം രൂപ ചെലവഴിക്കുവാനവശേഷിക്കുന്നതായി കാണുകയുണ്ടായി. ആദ്യഘട്ട പദ്ധതിയിൽ (റി- വിസിറ്റ്) ഉൾപ്പെട്ട ഗുണഭോക്താക്കളുടെ അതിജീവന ആവശ്യങ്ങൾക്കായി 2010 ൽ ലഭിച്ച 8.5 ലക്ഷം രൂപയിൽ ചെലവഴിക്കുവാനവശേഷിക്കുന്ന തുകയും, കാസറഗോഡ് ജില്ലാ പഞ്ചായത്ത് 2010 ൽ പദ്ധതി വിഹിതത്തിൽ നിന്നും നൽകിയ 1.50 ലക്ഷം രൂപയും, ബാങ്ക് പലിശയുമുൾപ്പെടുന്നതാണ് മേൽതുക. ആദ്യഘട്ട പദ്ധതിയിൽ ഉൾപ്പെട്ടവർക്കുള്ള അതിജീവന ആവശ്യങ്ങൾക്കായി നാളിതുവരെ 3.2 ലക്ഷം രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത് . കൂടാതെ 2.8 ലക്ഷത്തോളം രൂപ ബാങ്ക് പലിശയിനത്തിൽ ലഭിക്കുകയുമുണ്ടായി .

ആശ്രയ രണ്ടാം ഘട്ട പദ്ധതിയ്ക്കായി 59.23 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയ്ക്ക് പിന്നീട് സർക്കാർ അംഗീകാരം നൽകുകയും (സ.ഉ(ആർ.ടി)നം.2263/16/ത.സ്വ.ഭ.വ./തി.27.07.2016) ചലഞ്ച് ഫണ്ടിന്റെ ആദ്യഗഡു 4,15,795രൂപ കുടുംബശ്രീ മിഷനിൽ നിന്നും 24-09-2016 ൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട 58 ഗുണഭോക്താക്കൾക്ക് നിലവിൽ ഭക്ഷ്യവസ്തുക്കൾ നൽകി വരുന്നുണ്ട്. എന്നാൽ ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണം, കുടിവെള്ളം , തുടങ്ങിയ ആവശ്യങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പിലാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. നിലവിൽ ആശ്രയ പദ്ധതി അക്കൗണ്ടിൽ രണ്ടാംഘട്ട പദ്ധതിയ്ക്കായി ലഭിച്ചതുൾപ്പടെ 14.85 ലക്ഷം രൂപ (01-06-2017 ൽ) നീക്കിയിരിപ്പുണ്ട്. സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി വിനിയോഗിക്കപ്പെടേണ്ടതാണ് മേൽ തുക. ഇക്കാര്യം പരിശോധിച്ച് നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആശ്രയ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ തന്നെ ആദ്യഘട്ടപദ്ധതിപ്രകാരം ലഭിച്ച് ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകകളുടെ കാര്യത്തിൽ (ചലഞ്ച് ഫണ്ട്, ബാങ്ക് പലിശ, ജില്ലാ പഞ്ചായത്ത് വിഹിതം തുടങ്ങിയവ), കുടുബശ്രീ മിഷൻ മുഖേന സർക്കാരിൽ നിന്നും അനുമതി വാങ്ങി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പ് പുരോഗതി വിലയിരുത്തി പദ്ധതി നടത്തിപ്പിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, ഗ്രാമ പഞ്ചായത്തിലെ ആശ്രയപദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുവാനും ഏറ്റവും അർഹരായവർക്ക് ആനുകൂല്യം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുവാനും ഭരണ സമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## **3-5** വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 26,98,670 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്ടുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി

പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം.& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 146/17 സ്ട്രീറ്റ് ലൈറ്റ് ലൈൻ സ്ഥാപിക്കൽ | 21600856<br>21600939<br>21601160<br>21601237<br>21601381<br>(12/16,2 /17&3/17) | 21,73,670 | കെ.എസ്.ഇ.ബി. |
| 2 | സെക്രട്ടറി | 153/17സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി | 21601159<br>(3/17) | 2,00,000 | കെ.എസ്.ഇ.ബി. |
| 3 | വെറ്റിനറി സർജ്ജൻ | 145/17<br>എ.ബി.സി.പദ്ധതി പഞ്ചായത്ത് വിഹിതം | 2011502/27.10.16 | 2,00,000 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്,<br>കാസറഗോഡ് |
| 4 | അസി. സെക്രട്ടറി | 156/17 ഐ.എ.വൈ. അധിക വിഹിതം നൽകൽ | 05/16-17; തി:16.03.17 | 1,25,000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്,<br>നീലേശ്വരം |
| | | | ആകെ | 26,98,670 | |

## 3-6 <u>അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം ചെയ്ത പദ്ധതികളിലെ അപാകതകൾ</u>

<u>എ) പട്ടികജാതികോളനികളിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ (പദ്ധതി നം - 103/17)</u>

ഫണ്ട് - വികസന ഫണ്ട്(എസ്.സി.പി.)

ചെലവ് - ₹ 1,87,050/- ; ബിൽ നം - 03/16-17 ; തി - 23.02.17

കാടങ്കാട്-നെല്ലിക്കാൽ, തെക്കേവളപ്പ്, വടക്കേവളപ്പ്, പയ്യങ്കി എന്നിവടങ്ങളിലെ പട്ടികജാതി കോളനികളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി വൈദ്യുതി ലൈൻ വലിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പ്രവർത്തിക്കായി (PPS Scheme),കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ₹ 1,87,050/- രൂപ നിക്ഷേപിച്ചിട്ടുണ്ട് (അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി. പടന്ന സെക്ഷന്റെ പേരിൽ ₹ 25,200/- രൂപയും (പയ്യങ്കി ), അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി. പിലിക്കോട് സെക്ഷന്റെ പേരിൽ ₹ 1,61,850/- രൂപയും ). പ്രവർത്തിയുടെ എസ്റ്റിമേറ്റ് തുകക്ക്, എ.എക്സ്.ഇ. ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പിലിക്കോടിൽ നിന്നും മേൽ പറഞ്ഞ തുകകൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ (യഥാക്രമം ഉത്തരവ് നം - DB25/AS/25/16-17 /25.08.2016 ; DB25/AS/23/16-17/25.08.2016 ) ലഭിച്ചിട്ടുള്ളതാണ്.

നിശ്ചയിച്ച എസ്റ്റിമേറ്റ് തുകയിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി. അധികൃതരുമായി, നിയമാനുസൃത കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശങ്ങൾ

ഒന്നും തന്നെ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ഓഡിറ്റ് എൻക്വയറിക്ക് (നം-4 ; തിയതി - 01/07/17 ) നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. അതിനാൽ നിശ്ചയിച്ച എസ്റ്റിമേറ്റ് തുകയിൽ തന്നെ പ്രവൃത്തി പൂർത്തീകരിച്ച്, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 1,87,050/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി). പട്ടികജാതികോളനികളിലേക്ക് തെരുവ് വിളക്ക് സ്ഥാപിക്കൽ (പദ്ധതി നം- 104/17)

ഫണ്ട് - വികസന ഫണ്ട്(എസ്.സി.പി)

ചെലവ് - ₹ 89,500/- ; ബിൽ നം - 08/16-17 ; തി - 31.03.17

ടെണ്ടർ നടപടിക്രമങ്ങളിലൂടെ വിതരണക്കാരായി അലൂമിന ഇലക്ട്രോണിക്സ്, കക്കടാംപൊയിൽ, വളാഞ്ചേരി, മലപ്പുറം എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്. 18Wപവറിന്റെ 50 സെറ്റ് എൽ.ഇ.ഡി. തെരുവ് വിളക്കുകളാണ് (ഇൻവോയ്സ് നം - 68 ; തി - 27.03.2017) ഈ പദ്ധതിക്കായി സ്ഥാപനം വിതരണം ചെയ്തത്. ഇവയുടെ ഗുണ-മേന്മ പരിശോധന സാക്ഷ്യപത്രം 'നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി', കോഴിക്കോട് എന്ന സ്വകാര്യ സ്ഥാപനമാണ് (സർട്ടിഫിക്കേറ്റ് നം - PT 1217 തി - 24/11/2016) നൽകിയിട്ടുള്ളത്.

പദ്ധതി നം - 103/17, പട്ടികജാതികോളനികളിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ എന്ന പദ്ധതി പൂർത്തീകരിച്ചെങ്കിൽ മാത്രമേ ,പദ്ധതി നം -104/17 ൽ സൂചിപ്പിച്ചിട്ടുള്ള കോളനികളിലേക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ. ഈ പ്രവൃത്തി, (പദ്ധതി നം - 103/17 )പൂർത്തീകരിക്കുന്നതിന് മുമ്പെ തന്നെ, ഇവിടെ സ്ഥാപിക്കുവാനായി തെരുവ് വിളക്കുകൾ (പദ്ധതി നം - 104/17) വാങ്ങുകയുണ്ടായി.

തെരുവ് വിളക്കുകൾ രണ്ടു വർഷത്തെ വാറന്റിയാണ് വിതരണക്കാർ നൽകിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 28/03/2017 തിയതിയിൽ (പേജ് -28 ) ഇവ പഞ്ചായത്ത് കൈപ്പറ്റിയിട്ടുള്ളതാണ്. പട്ടികജാതികോളനികളിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ എന്ന പദ്ധതി നാളിതുവരെയും പൂർത്തീകരിക്കാത്തതിനാൽ, സാമഗ്രികളുടെ വാറന്റി കാലയളവിന്റെ ഒരു ഭാഗം നഷ്ടപ്പെടുന്നതിനുള്ള സാഹചര്യം സംജാതമായിട്ടുണ്ട്.

പദ്ധതിയിലെ (ടെണ്ടറിലെ) നിബന്ധന അനുസരിച്ച്, ഈ തെരുവ് വിളക്കുകളുടെ ഇൻസ്റ്റലേഷനും വിതരണക്കാരുടെ ഉത്തരവാദിത്വമാണ്. ഇത് സംബന്ധിച്ച് വിതരണക്കാരുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. കൂടാതെ ഇൻസ്റ്റലേഷൻ നടത്തുന്നതിന് മുമ്പെ തന്നെ വിതരണക്കാർക്ക് മുഴുവൻ തുകയും നൽകുകയുണ്ടായി.

മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ പദ്ധതിക്കായി വിനിയോഗിച്ച ₹ 89,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അധിക ചെലവില്ലാതെയും, വിതരണക്കാർ ക്ഷമതയുള്ള ഉപകരണങ്ങൾ തന്നെയാണ് സ്ഥാപിച്ചിരിക്കുന്നതെന്നുമുള്ള ഭരണസമിതിയുടെ സാക്ഷ്യപത്രത്തിനും വിധേയമായി തടസ്സം ഒഴിവാക്കുന്നതാണ്.

പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ഓഡിറ്റ് എൻക്വയറിക്ക് (നം - 4 ; തിയതി - 01/07/17 ) നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

സി). പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ

(പദ്ധതി നം -109/17)

ഫണ്ട് - വികസന ഫണ്ട്(എസ്.സി.പി.)

ചെലവ് - ₹ 1,72,900/- ; ബിൽ നം. - 07/16-17 ; തി - 30.03.17

ഈ പദ്ധതിയനുസരിച്ചുള്ള ലാപ് ടോപ്പുകളുടെ വിതരണാവകാശം ലഭിച്ചത് കമ്പ്യൂട്ടർ കെയർ, കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിനാണ്. ഏഴ് വിദ്യാർത്ഥികളെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത്. ഇവർക്ക് ലിനക്സ് ഓപ്പറേറ്റിങ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന HP 15 Ba 042 Au (4GB RAM, 1 TB-HDD,Ubuntu 16-04) ന്റെ ഏഴ് ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പട്ടികജാതി വകുപ്പിൽ നിന്നും, മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഈയിനത്തിൽ സഹായം ലഭിച്ചിട്ടില്ലായെന്ന് സൂചിപ്പിക്കുന്ന സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. ഈ വിഷയം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം - 4 ; തിയതി- 01/07/17 ) നൽകിയ മറുപടിയിൽ,സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ₹ 1,72,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ലാപ് ടോപ് കൈപ്പറ്റിയ വിദ്യാർത്ഥികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര്, വിലാസം | പഠിക്കുന്ന കോഴ്സ്, സ്ഥാപനം |
|---|---|---|
| 1 | അശ്വിൻ രാജ് സി.ജി,<br>S/o. ഗോപാലകൃഷ്ണൻ, വടക്കേവളപ്പ് | B.Tech(Civil Engg) @ Sadguru Swamy Nithyananda Institute of Technology, Kanhangad |
| 2 | പ്രണവ്.കെ ,S/o.സജീവ്കുമാർ, കൊടക്കൽ വീട്, നെല്ലിക്കാൽ | Diploma(Civil Engg.) @ Swami Nithyananda Polytechnic College, Kanhangad |
| 3 | അരുൺ.കെ,<br>S/o. മധുസൂദനൻ.പി,തെക്കേവളപ്പ് | Diploma(Electonics) @ INKEL-NTTF Centre, Malappuram |
| 4 | സുധിന സത്യൻ എം ,<br>D/o.സത്യൻ.പി, കൈതക്കാട് | B.Tech(Comp.Science) @ NMIT,Kanhangad |
| 5 | അമൽ.ഇ,<br>S/o.ജോയി.ഇ, കാടങ്കോട് | Diploma(Comp.Science) @ Govt.Polytechnic College, Trikkaripur |
| 6 | രജിത്ത്.എം, S/o. കുഞ്ഞികൃഷ്ണൻ, പത്താനത്ത്, ഉദുത്തി | BPEd. @ Centre for Physical Education, University of Calicut |
| 7 | അഖിൽ.പി, S/o. സുബ്രമഹ്ണ്യൻ.ടി.ജി, കൈതക്കാട് | Diploma(Electronics Engg) @ Govt.Polytechnic College, Trikkaripur |

ഡി). ആശ്രയ പദ്ധതി - ഭവന നിർമ്മാണം (പദ്ധതി നം- 86/17)

ഫണ്ട് - വികസന ഫണ്ട്(ജനറൽ)

ചെലവ് - ₹ 3,50,000/- ബിൽ നം - 02/16-17 ; തി - 24/12/16

ആശ്രയ ഒന്നാംഘട്ട പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി.സുമ.ബി, മുല്ലാക്കുതിർ, ചെറുവത്തൂർ, എന്ന ഗുണഭോക്താവിന് 2014-15 വർഷത്തിൽ ഭവനനിർമ്മാണത്തിനായി ₹ 2,50,000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും നിർവഹണം ചെയ്യുകയുണ്ടായില്ല. തുടർന്ന് 2016-17 വർഷത്തിൽ പദ്ധതി നം -86/17 പ്രകാരം

ഇവരുടെ ഭവനനിർമ്മാണത്തിനായി അസിസ്റ്റന്റ് സെക്രട്ടറി ബിൽ നം. 02/16-17 പ്രകാരം ₹ 3,50,000/- പിൻവലിച്ച് സി.ഡി.എസ്. ചെയർപേഴ്സണിന്റെയും മെമ്പർ സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിലേക്ക് ഡി.ഡി. നം- 614174/28.12.16 പ്രകാരം നൽകിയിട്ടുള്ളതാണ്.

സ.ഉ.(കൈ):83/12/ത.സ്വ.ഭ.വ, തി-30.03.12പ്രകാരം ആശ്രയ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് അനുവദിക്കാവുന്ന പരമാവധി ധനസഹായം ₹ 2,50,000/- രൂപയാണ്. ധനസഹായം ഉയർത്തിയത് സംബന്ധിച്ച പുതുക്കിയ ഉത്തരവുകൾ നിലവിൽ ഉണ്ടായിട്ടില്ല.

ഭവനനിർമ്മാണത്തിന്റെ പുരോഗതി ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-4 തിയതി -01/07/17 ) നൽകിയ മറുപടിയിൽ, ഇവരുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്നും (ലിന്റിൽ ലെവൽ), ₹ 2,50,000/- രൂപ ധനസഹായമായി നൽകുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്.

സാധാരണയായി ആശ്രയ ഭവനനിർമ്മാണത്തിന്, നിലവിൽ അനുവദനീയമായതിലെ ഏറ്റവും ഉയർന്ന നിരക്കാണ് (പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിക്കുന്ന നിരക്ക്) അനുവദിച്ച് കാണുന്നത്. എന്നാൽ ഇത് സംബന്ധിച്ച് പരിഷ്കരിച്ച ഉത്തരവ് നാളിതുവരെ ഉണ്ടായിട്ടില്ല. അതിനാൽ ഇത് സംബന്ധിച്ച സർക്കാർ തീരുമാനം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ, അനുവദനീയമായ മറ്റ് ഏതെങ്കിലും മാർഗ്ഗത്തിലൂടെയോ ഭവനനിർമ്മാണത്തിനാവശ്യമായ തുക കണ്ടെത്തി ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

## 3-7 ഹെഡ്മിസ്ട്രസ് നിർവഹണം ചെയ്ത പദ്ധതികളിലെ അപാകതകൾ

എ) തുല്യതാപഠനം - പഠിതാക്കളുടെ ഫീസ് നൽകൽ

പ്രധാനാദ്ധ്യപിക നിർവഹണം നടത്തിയ 'തുല്യതാപഠനം - പഠിതാക്കളുടെ ഫീസ് നൽകൽ' (പ്രൊജക്ട് നം. ടo. 119/17) എന്ന പദ്ധതിയിലുൾപ്പെടുത്തി, പത്താം തരം തുല്യതാ പരീക്ഷക്കായി 16 പഠിതാക്കൾക്കായി ₹ 1,600/- രൂപ നിരക്കിൽ 25,600/- രൂപയും, പന്ത്രണ്ടാം തരം തുല്യതാ പരീക്ഷക്കായി 20 പഠിതാക്കൾക്കായി 2,150/- രൂപ നിരക്കിൽ ₹ 43,000/- രൂപയും കൂടി ആകെ 68,600/- രൂപ തനത്ഫണ്ടിൽ നിന്നും പിൻവലിച്ച് സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട് (ഡി.ഡി നം.837804/24.01.17). രജിസ്റ്റർ ചെയ്തവരിൽ ഏതെല്ലാം പഠിതാക്കൾ പരീക്ഷ എഴുതിയെന്ന് കാണിക്കുന്ന അറ്റൻന്റസ് ലിസ്റ്റോ, ആരെല്ലാം വിജയിച്ചുവെന്നതിന്റെ വിശദാംശങ്ങളോ ഓഡിറ്റിന് ഹാജരാക്കിയില്ല. പരീക്ഷ എഴുതാത്ത പഠിതാക്കൾക്കായി വരും വർഷങ്ങളിൽ കോഴ്സ് ഫീസ് പഞ്ചായത്തിൽ നിന്നും അടക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സർക്കുലർ നം. 48360/എഫ്.എം-1/2009/ത.സ്വ.ഭ.വ.06.10.09 പ്രകാരം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പഠിതാക്കളുടെ കോഴ്സ്ഫീസ്, പരീക്ഷാ ഫീസ് എന്നിവ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുമെന്നതിനാൽ, തദ്ദേശഭരണസ്ഥാപനം നൽകേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരല്ല എന്ന് തെളിയിക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല. അതിനാൽ മേൽപറഞ്ഞ കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വരും വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി)എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

2016-17 വർഷത്തെ എസ്.എസ്.എ. പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതമായി ₹ 5,00,000/- എസ്.എസ്.എ കാസർഗോഡ് ജില്ലാ കോ- ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. ബിൽ നമ്പർ : 01/16-17 ; തി:31.10.16 ; വികസന ഫണ്ട്)

പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 4/2016 തി. 11.01.2016 പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ എസ്.എസ്.എ പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും , എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ എസ്.എസ്.എ. പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്. കൂടാതെ എസ്.എസ്.എ. കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ അപാകതകൾ പരിഹരിച്ച്, മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി വരും വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 കൃഷി ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു

2106-17 വർഷത്തിൽ നെൽകൃഷിക്ക് കൂലിചെലവ് നൽകുന്നതിന് ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച ₹ 1,20,000/- രൂപയും, ഉൽപാദന ബോണസ് നൽകുന്നതിനായി കൃഷിവകുപ്പിൽ നിന്നും ലഭിച്ച ₹.70,000/- രൂപയും വിവിധ കർഷകർക്ക് നൽകുന്നതിനായി 24.03.2017 ൽ യൂണിയൻ ബാങ്കിന്റെ ചെറുവത്തൂർ ശാഖയിൽ കൃഷി ഓഫീസറുടെ പേരിൽ 672202010007052 എന്ന നമ്പറിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഇതിൽ 23.06.17 ൽ ₹ 94,196/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ബന്ധപ്പെട്ട കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

## 3-9 ആരോഗ്യമേഖല-വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുവാനവശേഷിക്കുന്നത് 2,08,048 രൂപയുടെ മരുന്നുകൾ

ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയിൽ മരുന്ന് വാങ്ങുന്നതിനായി വിവിധ പ്രൊജക്ടുകൾ പ്രകാരം ഹോംകോ, കെ.എം.എസ്.സി.എൽ. എന്നീ സ്ഥാപനങ്ങൾക്കായി 2,08,048 രൂപ വിവിധ മെഡിക്കൽ ഓഫീസർമാർ കൈമാറിയിട്ടുണ്ട്. ഇതു പ്രകാരം ലഭ്യമാകേണ്ട മരുന്നുകൾ ഭാഗീകമായിമാത്രമാണ് ഗ്രാമ പഞ്ചായത്തിലെ ആശുപത്രികൾക്ക് ലഭിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യത ഉറപ്പാക്കി ഇതു സംബന്ധിച്ച മറുപടി ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

| ക്രമ. നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് നം | തുക കൈമാറിയ സ്ഥാപനം | തുക | ബിൽനം തിയതി | ലഭ്യമായ മരുന്ന് (തുക) | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്ന് (തുക) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ടo.51/16-17 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 58,048 | 01/ 14-11-2016 | ഇല്ല | 58,048 |
| 2 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 105/16-17 | ഹോംകോ, ആലപ്പുഴ | 1,50,000 | 01/ 14-11-2016 | ഇല്ല | 1,50,000 |
| | | | ആകെ | 2.08,048 | | | 2,08,048 |

## **3-10** പാലിയേറ്റിവ് പദ്ധതി ഗവ-ഉത്തരവുകൾ പാലിക്കുന്നില്ല ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം-മെഡിക്കൽ ഓഫീസർ,പി.എച്ച്.സി, ചെറുവത്തൂർ

പ്രൊജക്ട് നം- ടo.51/17

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന പെയ്ൻ & പാലിയേറ്റീവ് പദ്ധതിയ്ക്കായി ഓഡിറ്റ് വർഷം ചുവടെ ചേർത്ത പ്രകാരം 5,86,521രൂപ ചെലവഴിച്ചിട്ടുണ്ട്

| വരവ് | | ചെലവ് | | | |
|---|---|---|---|---|---|
| ബില്ല് നം / ചെക്ക്നം | തുക | ഹോണറേറിയം | വണ്ടി വാടക | ഭക്ഷണ-ചെലവ് | മരുന്നുൾപ്പെടെ മറ്റ്ചെലവുകൾ |
| 1/09.09.2016 | 50,000 | 50,000 | -- | -- | -- |
| 4/21.10.2016 | 1,30,000 | 10,000 | 96,000 | 24,000 | -- |
| 5/15.11.2016<br>2011508/10.11.16<br>TSB a/c | 26,000<br>4,000 | 10,000 | 16,000 | 4,000 | -- |
| 6/14.12.2016<br>2011515/08.12.16<br>TSB a/c | 26,000<br>4,000 | 10,000 | 16,000 | 4,000 | -- |
| 7/19.01.2017<br>2011526/16.01.17<br>TSB a/c | 26,000<br>4,000 | 10,000 | 16,000 | 4,000 | -- |

| | | | | | |
|---|---|---|---|---|---|
| 8/18.02.2017 2011542/21.02.17 TSB a/c | 26,000 4,000 | 10,000 | 16,000 | 4,000 | -- |
| 2011546/21.02.17 TSB a/c | 26,000 | | | | 26000 |
| 9/27.02.2017 | 76,952 | | | | 76,952 |
| 10/15.03.2017 | 58,048 | | | | 58,048 |
| 11/15.03.2017 | 76,000 | 10,000 | 16,000 | -- | 50,000 |
| 125111/24.03.17 CFSCB 2011560/16.03.17 TSB a/c | 26,000 4,000 | 10,000 | 16,000 | 4,000 | -- |
| 2011562/16.03.17 TSB a/c | 11,026 | | | | 11,026 |
| 125128/03.03.17 CFSCB | 8,495 | | | 4,000 | 4495 |
| ആകെ | 5,86,521 | 1,20,000 | 1,92,000 | 48,000 | 2,26,521 |

പാലിയേറ്റിവ് പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1)29.10.15ലെ സ.ഉ.(സാധാ)3217/15 ത.സ്വ.ഭ.വ. പ്രകാരം പരിഷ്കരിച്ച നിർദ്ദേശങ്ങളും പാലിച്ചാണ് പാലിയേറ്റിവ് പരിചരണ പദ്ധതി നടപ്പിലാക്കേണ്ടത്. പാലിയേറ്റിവ് പരിചരണ പദ്ധതിയിൽ നിർബ്ബന്ധമായും ആശ്രയപദ്ധതിയിലുള്ളവരെ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പഞ്ചായത്തിലെ ആശ്രയപദ്ധതിയിൽ 73 പേരാണുള്ളത്. ഇവരിൽ തീരാവ്യാധികളുള്ളവരും, പരിചരണം ആവശ്യമുള്ളവരും പാലിയേറ്റിവ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

2)ചെലവുകൾ ബാങ്ക്അക്കൗണ്ട് വഴി നടത്തുന്നില്ല- പാലിയേറ്റിവ് പദ്ധതിക്കായി പ്രാദേശികമായും അല്ലാതേയും വിഹിതം സമാഹരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ആശുപത്രി മാനേജ്മെന്റ് കമ്മറ്റിക്ക് ഒരു പ്രത്യേക അക്കൗണ്ട് തുടങ്ങണമെന്നുണ്ട്. അപ്രകാരം ചെയ്തിട്ടില്ല. പാലിയേറ്റിവ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പദ്ധതി തുക കൂടാതെ മറ്റ് വിഭവസ്രോതസ്സുകളെ കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനു ശേഷം പാലിയേറ്റിവ് ഇനത്തിൽ ചെലവഴിക്കുന്ന ഭക്ഷണച്ചെലവ് ഒഴികെയുള്ള എല്ലാ ചെലവും പണം നൽകേണ്ടയാളുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തേ നടത്താവൂ എന്ന ഖണ്ഡിക 2.10.8 പ്രകാരമുള്ള വ്യവസ്ഥ നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ പ്രത്യേക അക്കൗണ്ട് തുടങ്ങാൻ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3)29.10.15ലെ സ.ഉ.(സാധാ)3217/15ത.സ്വ.ഭ.വ. ഉത്തരവ് തീയതി മുതൽ 60ദിവസത്തിനകം പഞ്ചായത്തിലെ പാലിയേറ്റിവ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നുണ്ട്. ഇല്ലെങ്കിൽ പദ്ധതിയുടെ ചെലവ് അംഗീകരിക്കുന്നതല്ലെന്ന് സർക്കാർ കർശനനിർദ്ദേശം നൽകി യിട്ടുണ്ട്. പട്ടിക ഓഡിറ്റ് തീയതി വരെ പ്രസിദ്ധീകരിച്ചിട്ടില്ല.എന്നാൽ ഉത്തരവ് തീയതി മുതൽ 60 ദിവസത്തിന് ശേഷം 5,86,521 രൂപ ചെലവ് ചെയ്തിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ഇവിടെ തുക ചെലവഴിച്ചിട്ടുള്ളത്. ആയത് വിശദീകരിക്കുക.

4)പാലിയേറ്റിവ് മാനേജ്മെന്റ് കമ്മറ്റി കൃത്യമായി യോഗം ചേരുന്നില്ല.- 3217/2015/ ത.സ്വ.ഭ.വ തീയതി 29.10.2015 ഉത്തരവ് ഖണ്ഡിക 2.3.2 പ്രകാരം മൂന്ന് മാസത്തിലൊരിക്കലും ചേരേണ്ടതാണ്. ഓഡിറ്റ് വർഷം 25.7.2016, 26.11.2016, 25.2.2017 തീയതികളിലായി 3 തവണ മാത്രമാണ് പാലിയേറ്റിവ് മാനേജ്മെന്റ് കമ്മറ്റി മീറ്റിംഗ് ചേർന്നിരിക്കുന്നത്.

5)പാലിയേറ്റിവ് കെയർ നിർവ്വഹണ കമ്മറ്റി യോഗം- ഉത്തരവ് 3217/2015/ ത.സ്വ.ഭ.വ തീയതി 29.10.2015 ഖണ്ഡിക 2.4 പ്രകാരം രൂപീകരിക്കേണ്ട പാലിയേറ്റിവ് കെയർ ഇമ്പ്ലിമെന്റേഷൻ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാമാസവും യോഗം ചേരുന്നുണ്ടെങ്കിലും പാലിയേറ്റിവ് കെയർ പ്രവർത്തനം സമ്പന്ധിച്ച പ്രതിമാസ വരവ് ചെലവ് അവതരിപ്പിച്ചതായോ ആയത് അംഗീകരിച്ചതായോ മിനുട്സിൽ കാണുന്നില്ല.

6)ഉത്തരവ് പ്രകാരമുള്ള നടപടിക്രമം പാലിക്കാതെ വാഹനം വാടകയ്ക്കെടുത്തു.- സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവ് പ്രകാരമുള്ള പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിയ്ക്ക് വിധേയമായി വാഹനം ദിവസവാടകയ്ക്ക് എടുക്കാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്(ഉത്തരവ് ഖണ്ഡിക 2.6.5.ix.3). ഈ ക്വട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് വാഹനം വാടകയ്ക്കെടുത്തിരിക്കുന്നത്. ക്വട്ടേഷൻ ക്ഷണിക്കാതെ വാഹനം വാടകക്കെടുത്തത് വിശദീകരിക്കുക. 1,92,000 രൂപയാണ് ഈ ഇനത്തിനെ ചെലവ്.

7)ഓൺലൈൻ അപ്ഡേഷൻ നടത്തുന്നില്ല- ഉത്തരവ് 3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 ഖണ്ഡിക 2.6.3 (7) പ്രകാരം ഗൃഹസന്ദർശനാനന്തരം (അന്നോ തൊട്ടടുത്ത ദിവസമോ) അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മുഖേന അപ് ലോഡ് ചെയ്യണമെന്നുണ്ട്. എന്നാൽ ഐ.കെ.എം. ഇതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചതിന്റെയോ റിപ്പോർട്ട് അപ്ഡേറ്റ് ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നല്കുന്നതിനു വേണ്ടി നല്കിയ ഓഡിറ്റ് എൻക്വയറി നം-07 /03.07.2017 -ന് യാതൊരു മറുപടിയും ഓഡിറ്റിന് ലഭിച്ചിട്ടില്ല. മേൽ അപാകതകൾ കാരണം 5,86,521 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു,

## 3-11 സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പദ്ധതി

(Integrated Household Latrine Project – Proj.No: /17)

2016-17 വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പദ്ധതി പ്രകാരം കക്കൂസ് നിർമ്മിക്കുന്നതിനായി 110 പേരെയാണ് തെരഞ്ഞെടുത്തതെങ്കിലും

വിശദമായ പരിശോധനയിൽ 102 പേരെയാണ് അർഹരായി കണ്ടെത്തി ധനസഹായം അനുവദിച്ചിട്ടുള്ളത്. 15,400/-രൂപ നിരക്കിൽ ആകെ ₹ 15,70,800/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന ശുചിത്വ മിഷൻ വിഹിതം ₹ 12,24,000/- രൂപ പദ്ധതി നിർവ്വഹണ വേളയിൽ ലഭ്യമാവാതിരുന്നതിനാൽ 28-12-2016 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ സമിതിയുടെ നിർദ്ദേശാനുസരണം മറ്റ് പ്രൊജക്ടുകൾക്കായി നീക്കിവെച്ച തുകകൾ വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുകയാണ് ചെയ്തത്. ഇതനുസരിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഭാഗത്തിൽ നിന്നും ₹ 12,24,000/- രൂപയും, തനത് ഫണ്ടിൽ നിന്നും (പഞ്ചായത്ത് വിഹിതം) ₹ 3,46,800/-രൂപയുമുൾപ്പടെ ആകെ ₹ 15,70,800/- രൂപ ഗുണഭോക്താക്കൾക്ക് അനുവദിച്ചത്. പിന്നീട് ശുചിത്വ മിഷനിൽ നിന്നും ₹ 9,29,935/- രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കുകയുണ്ടായി. ശുചിത്വ മിഷനിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് അധികമായി വിനിയോഗിച്ച തുക ഏതുമേഖലയുമായി ബന്ധപ്പെട്ട പദ്ധതികളിൽ നിന്നും ലഭ്യമാക്കിയതാണോ അതേ മേഖലകളിൽ തന്നെ വിനിയോഗിക്കുവാനുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് ഗ്രാമ പഞ്ചായത്ത് 2016-17 വർഷം പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും (ഭവന പുനരുദ്ധാരണം(ജനറൽ) എന്ന പദ്ധതി പ്രകാരം ₹.6,25,000/- വിനിയോഗിച്ചു. അവശേഷിക്കുന്ന തുക ചെറുവത്തൂർ റെയിൽവെ സ്റ്റേഷൻ റോഡ് അഭിവൃദ്ധിപ്പെടുത്തലും ഡ്രൈയിനേജ് നിർമ്മാണവും എന്ന പദ്ധതിയിലും), തുക പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ ശുചിത്വ മിഷനിൽ നിന്നും ലഭ്യമാവേണ്ട തുക പൂർണ്ണമായും ലഭിച്ചിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ശുചിത്വ മിഷനിൽ നിന്നും ലഭ്യമാവേണ്ട തുക - ₹ 12,24,000/-

ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക - ₹ 9,29,935/-

ലഭിക്കാൻ ബാക്കിയുള്ള തുക - ₹ 2,94,065/-

ശുചിത്വ മിഷനിൽ നിന്നും ലഭിച്ചതിൽ വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുക

ലഭിച്ച തുക - ₹ 9,29,935/-

വിനിയോഗിച്ച തുക - ₹ 6,25,000/-

ബാക്കിയുള്ള തുക - ₹ 3,04,935/-

## 3-12 വിവിധ ഭവനപദ്ധതികളിലെ വീട് പണിപൂർത്തീകരിക്കാൻ അവശേഷിക്കുന്നവർ

വിവിധ ഭവനപദ്ധതികളിലെ വീട് പണി തുടങ്ങിയിട്ടും നാളിതുവരെയായിട്ടും പണി പൂർത്തീകരിക്കാത്തവരുടെ പട്ടിക ചുവടെ ചേർക്കുന്നു.നാളിതുവരെ കൈപ്പറ്റിയ തുകയും ചേർത്തിരിക്കുന്നു.

| 1. ഇ.എം.എസ്.ഭവന പദ്ധതി(GEN,S.C.,S.T.) | | | |
|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാങ്ങിയ തുക | ബാക്കി തുക |
| 1 | ചിറമ്മ നാരായണി, കൈതക്കാട് | 52,500 | 22,500 |
| 2 | കുഞ്ഞലീമ.കെ.സി, കോട്ടക്കാൽ | 52,500 | 22,500 |

| | | | |
|---|---|---|---|
| 3 | എം.കെ.ശശിധരൻ, കാവുംചിറ | 1,40,000 | 60,000 |
| 4 | ലീല.പി, കൈതക്കാട് | 70,000 | 30,000 |
| 2. വനിതാ ഭവനം (GEN) | | | |
| 5 | സരസ്വതി.കെ.എം, പുതിയകണ്ടം | 1,80,000 | 20,000 |
| 6 | കമലാക്ഷി.ടി.വി, കുറ്റിവയൽ | 1,40,000 | 60,000 |
| 7 | കൈപ്പാട്ടിൽ കല്യാണി,അച്ചാംതുരുത്തി | 1,40,000 | 60,000 |
| 3. വികലാംഗ ഭവനം | | | |
| 8 | റീജ.കെ, അച്ചാംതുരുത്തി | 1,80,000 | 20,000 |

ഇവർക്കായി പ്രത്യേകം സ്പിൽ ഓവർ പദ്ധതി (സർക്കാർ അംഗീകാരത്തിന് വിധേയമായി) രൂപീകരിച്ചോ, സർക്കാരിന്റെ പുതിയ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തിയോ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 4,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 4,00,000 | 0 |
| നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 3,00,000 | വനിതകൾക്ക് മുട്ടക്കോഴി | 3,00,000 | 0 |
| നീലേശ്വരംബ്ലോക്ക് പഞ്ചായത്ത് | 2016-17 | 3,50,000 | വയോജന വിശ്രമ കേന്ദ്രം | 3,50,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം. /ബിൽ.നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കെ. എസ്.ഇ.ബി | 153/17.സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി | 21601095 | 2,00,000 | 0 | 2,00,000 |
| കെ. എസ്.ഇ.ബി. | 146/17വിവിധ വാർഡുകളിൽ തെരുവ് | 21600856 21600939 21601160 | 21,73,670 | 0 | 21,73,670 |

| | | | | | |
|---|---|---|---|---|---|
| | വിളക്ക്,വൈദ്യുതി ലൈൻ സ്ഥാപിക്കൽ | 21601237 21601381 | | | |
| കെ. എസ്.ഇ.ബി. | 103/17 തെരുവ് വിളക്ക്,വൈദ്യുതി ലൈൻ സ്ഥാപിക്കൽ | 21601095 | 1,87,050 | 0 | 1,87,050 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചട ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് - മുതൽ | തൻവർഷം അടച്ചത് - പലിശ | വർഷാവ സാനം ബാക്കി |
|---|---|---|---|---|---|---|---|
| 1 | ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ(സാധാ) നം.277/2010/ത.സ്വ.ഭ.വ. /തി.27.01.10 | 92,16,000 | 20,16,024 | 12,97,920 | - | 7,18,104 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 39 | 2000-01 | 4.116.a | ഉപാധി രഹിത ഫണ്ട് മണ്ണ് നിറയ്ക്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | തടസ്സം തീർപ്പായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 1996-97 | 40 | 2000-01 | 4.116.b | ഉപാധി രഹിത ഫണ്ട് മണ്ണ് നിറയ്ക്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | തടസ്സം തീർപ്പായിട്ടില്ല |
| 2012-13 പ്രവർത്തനാവലോകന റിപ്പോർട്ട് (ഖര മാലിന്യ സംസ്കരണം) | - | 2012-13 | 3.3.6(20) | മാലിന്യമുക്ത പദ്ധതി -പ്ലാസ്റ്റിക്ക് റിക്കവറി സെന്റർ പദ്ധതി ഉപേക്ഷിച്ചത് | നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പദ്ധതി നടപ്പാക്കുവാൻ സാധിച്ചിട്ടില്ല. പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് കെട്ടിടം ബഡ്സ് സ്കൂൾ കെട്ടിടമായി പരിവർത്തനപ്പെടുത്താൻ അനുമതിയ്ക്കായി സർക്കാരിനോട് ഭരണസമിതി അപേക്ഷിച്ചിട്ടുണ്ട്. |
| 2014-15 പ്രവർത്തനാവലോകന റിപ്പോർട്ട്. (നിഷ്ക്രിയ ആസ്തികൾ) | - | 2014-15 | 4.1.4 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന രഹിതം | തടസ്സം തീർപ്പായിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹6,24,90,172 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,13,85,682 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹14,99,637 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | ₹4,63,666 | ശ്രീ.പ്രഭാകരൻ.ടി.വി, സെക്രട്ടറി |
| 3-6 | ₹1,87,050 | ശ്രീമതി.നിർമ്മല.പി.വി, അസി.സെക്രട്ടറി |
| 3-6 | ₹89,500 | ശ്രീമതി.നിർമ്മല.പി.വി, അസി.സെക്രട്ടറി |
| 3-6 | ₹1,72,900 | ശ്രീമതി.നിർമ്മല.പി.വി, അസി.സെക്രട്ടറി |
| 3-10 | ₹5,86,521 | ശ്രീഡോ.സിയാദ്, മെഡിക്കൽഓഫീസർ, പി.എച്ച്.സി. |
| ആകെ | ₹14,99,637 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## 4-9 <u>തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90 മുതൽ 1991-92വരെ | എൽ.എഫ്.കെ.എസ്.ഡി.3/59/15 തീ.03.03.2015 | 5 |

| | | |
|---|---|---|
| 1989-90മുതൽ 1995-96വരെ | എൽ.എഫ്.കെ.എസ്.ഡി.2/562/96 തീ.04.01.1997(ജെ.ആർ.വൈ) | - |
| 1992-93മുതൽ 1995-96 വരെ | എൽ.എഫ്.കെ.എസ്.ഡി.3/59/15 തീ. 03.03.2015 | 2 |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി.3/501(1)/12 തീ.11.07.2012 | 4 |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 4 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി.3/501(2)/12 തീ.11.07.2012 | 7 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി.3/501(3)/12 തീ.11.07.2012 | 11 |
| 2000-01 (ഫൈനൽ) | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 1 |
| 2000-01 (പദ്ധതി) | എൽ.എഫ്.കെ.എസ്.ഡി.3/501(4)/12 തീ.11.07.2012 | 5 |
| 2001-2002 (ഫൈനൽ) | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 1 |
| 2001-2002 (പദ്ധതി) | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 1 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 4 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.3/152/12 തീ.13.06.2012 | 14 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.3/153/12 തീ.02.06.2012 | 15 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.4/838/12 തീ.02.12.12 | 11 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.3/476/12 തീ.09.08.12 | 9 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.3/890/12 തീ.28.01.13 | 14 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി.7/565/13 തീ.25.07.13 | 20 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി.7/567/13 തീ.26.07.13 | 16 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.കെ.എസ്.ഡി.7/645/14 തീ.03.12.14 | 25 |
| 2011-12 | കെ.എസ്.എ.കെ.എസ്.ഡി.9/703/16 തീ.07.04.2017 | 14 |
| 2012-13<br>2013-14 | കെ.എസ്.എ.കെ.എസ്.ഡി.9/234/16 ,തീ.09.9.2016 | 19 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി.9//15,തീ.26.10.2015 | 14 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി.9/69/15,തീ.03.01.2017 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-9/771/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് -671123.

E-mail:- doksd.ksad@kerala.gov.in
ഫോൺ : 04994256690.

തീയതി. 11.07.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ,

ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

No. KSA-KSD-9/771/2017.

Kerala State Audit Department,

District Audit Office, Kasaragod – 671123.

E-mail:- doksd.ksad@kerala.gov.in
Phone : 04994256690

Dated:11.07.2017

## AUDIT CERTIFICATE

Certified that, I have audited the Annual Financial Statement of Chruvathur Grama Panchayat in Kasaragod District for the year ended on 31.03.2017, in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chruvathur Grama Panchayat for the year 2016-17, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kasaragod.